# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1750 17.12.2012 ലെ മറുപടിക്ക്

## റദ്ദാക്കപ്പെടുന്ന എയർ ഇന്ത്യാ വിമാന സർവ്വീസുകൾ

| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി; | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
|---|---|---|---|
| ചോദ്യം | | ഇടക്കാല മറുപടി | അന്തിമ മറുപടി |
| (എ) | വിദേശത്തുള്ള കേരളീയരിൽനിന്ന് എത്രകോടി രൂപയാണ് ഈ സാമ്പത്തിക വർഷം ഇതുവരെ കേരളത്തിന് ലഭ്യമായതെന്ന് വ്യക്തമാക്കുമോ; | വിവരം ശേഖരിച്ച് നല്കുന്നതാണ്. | വിദേശത്തുള്ള കേരളീയരിൽ നിന്നും എത്ര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം (2012-13) ഇതുവരെ കേരളത്തിന് ലഭ്യമായതെന്ന വിവരം ലഭ്യമല്ല. എന്നാൽ, സി.ഡി.എസ് 2011-ൽ നടത്തിയ പഠനത്തിൽ, 2011-12 സാമ്പത്തിക വർഷത്തിൽ ഏകദേശം 50,000/-കോടി രൂപ പ്രവാസി കേരളീയരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളതായി പറയുന്നുണ്ട്. |
| (ബി) | കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽനിന്ന് എത്ര സർവ്വീസുകളാണ് ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലേക്കുള്ളതെന്ന് വ്യക്തമാക്കുമോ; | പ്രതിവാരം തിരുവനന്തപുരത്ത് നിന്നും 98 ഉം, കൊച്ചിയിൽ നിന്നും 164 ഉം കോഴിക്കോട് നിന്നും 140ഉം സർവ്വീസുകൾ ഉണ്ട്. | |
| (സി) | ഇതിൽ എയർ ഇന്ത്യ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | ഇതിൽ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും പ്രതിവാരം 125 സർവ്വീസുകൾ നടത്തുന്നുണ്ട്. | |
| (ഡി) | ഇതിൽ എത്ര സർവ്വീസുകൾ ഈ സാമ്പത്തികവർഷം ഇതുവരെയായി റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | എയർ ഇന്ത്യയുടെ 225 സർവ്വീസുകൾ റദ്ദാക്കിയിരുന്നു. | |

| | | | |
|---|---|---|---|
| (ഇ) | ഇതിനെതിരെ പ്രതികരിക്കുന്ന യാത്രക്കാർക്ക് എതിരെ കേസെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എയർ ഇന്ത്യ സർവ്വീസുകൾ റദ്ദ് ചെയ്യുന്നതിനെതിരെ പ്രതികരിച്ച യാത്രക്കാർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. | |
| (എഫ്) | എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . | |

സെക്ഷൻ ഓഫീസർ